# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3749 — 26.06.2012-ൽ മറുപടിയ്ക്ക്

**പാതയോര വനവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.സി.എഫ്.തോമസ് | | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) | സാമൂഹ്യവനവൽക്കരണ പദ്ധതിയിൽ ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് ; | എ) | സോഷ്യൽ ഫോറസ്ട്രി വിഭാഗം പൊതുജനങ്ങളുടെ സഹകരണത്തോടെ ഹരിതകേരളം എന്ന ബൃഹത്തായ പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കി വരുന്ന വൃക്ഷവൽക്കരണ പദ്ധതിയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മത, യുവജന രാഷ്ട്രീയ സംഘടനകൾ, പത്ര സ്ഥാപനങ്ങൾ എന്നിവർ മുഖേനയുള്ള വൃക്ഷവത്ക്കരണ പദ്ധതിയും, എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ മുതലായ ഉപ പദ്ധതികളും ഉൾപ്പെടുന്നു. കൂടാതെ ഇടുക്കിയിലെ മഴനിഴൽ പ്രദേശത്ത് വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിയും, വൃക്ഷത്തൈകൾ നട്ടു വളർത്തുന്നതിന് സ്വകാര്യ വ്യക്തികൾക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന ഒരു പദ്ധതിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| ബി) | **ഈ പരിപാടിയിൽ പാതയോരങ്ങളിൽ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് ;** | ബി) | വഴിയോരത്തണൽ എന്ന പേരിൽ ഫലവൃക്ഷതൈകൾക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ട് വൃക്ഷത്തൈകൾ നടുന്ന ഒരു പദ്ധതി പാതയോരങ്ങളിൽ നടപ്പിലാക്കി വരുന്നു. |
| സി) | പാതയോരങ്ങളിൽ നേരത്തെ നടപ്പിലാക്കിയ പദ്ധതികൾ വിജയകരമായിരുന്നോ ? | സി) | വിജയകരമായിരുന്നു |

സെക്ഷൻ ഓഫീസർ